**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1047** **18-09-2025 - ൽ മറുപടിയ്ക്ക്**

**വനാതിർത്തികളിലെ താമസക്കാർ നേരിടേണ്ടിവരുന്ന വന്യജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനാതിർത്തികളിലെ താമസക്കാർ നേരിടേണ്ടിവരുന്ന വന്യജീവി ആക്രമണവും കൃഷി നാശവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് വനമേഖലയോട് ചേർന്നു സ്ഥിതി ചെയ്യുന്ന ജനവാസമേഖലകളിൽ ചിലയിടങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ശ്രദ്ധയിൽപ്പെ-ട്ടിട്ടുണ്ട്. കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷ-ങ്ങൾ ഫലപ്രദമായി നേരിടുന്നതിനായി മനുഷ്യ-വന്യജീവി സംഘർഷത്തെ സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചിട്ടുള്ളതും ദുരന്തസാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതുപോലെ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യാനുമാണ് സർക്കാർ ശ്രമിച്ചു വ-രുന്നത്. |
| (ബി) | വന്യജീവി ആക്രമണത്തിൽ നിന്നും ജനത്തെ രക്ഷിക്കാനും ഒപ്പം വന്യജീവികളെ സംരക്ഷിക്കാനുമായുള്ള മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കുമോ; | (ബി) | മനുഷ്യ-വന്യജീവി സംഘർഷങ്ങളെ അവയുടെ മൂലകാരണങ്ങളും വൈവിധ്യവും തോതും മേഖലകളും കണക്കിലെടുത്ത് സംസ്ഥാനത്തെ സംഘർഷ ബാധിത പ്രദേശങ്ങളെ 12 ലാൻഡ്സ്കേപ്പുകളായി തിരിച്ചിട്ടുണ്ട്. ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യ-മായ രീതിയിൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ നിവാരണ പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇവ ക്രോഡീകരിച്ച് സംസ്ഥാന-ത്തിലെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ നിവാരണ പ്രവർത്തനങ്ങളുടെ മാസ്റ്റർപ്ലാൻ തയ്യാറാ-ക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന്റെ ഭാഗമായി വനം വകുപ്പ് തയ്യാറാക്കിയ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ നയസമീപന രേഖ വിശദമായി ചർച്ച ചെയ്ത് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ശേഖരിക്കുന്നതിനായി 27/08/2025 നു തിരുവനന്തപുരത്ത് വച്ച് വിവിധ വകുപ്പ് പ്രതിനിധികൾ, ശാസ്ത്രജ്ഞർ, കർഷക പ്രതിനിധികൾ, ജനപ്രതിനിധികൾ മറ്റു സ്റ്റേക്ക് |

| | | | |
|---|---|---|---|
| | | | ഹോൾഡേഴ്സ് എന്നിവരെ ഉൾപ്പെടുത്തി ഒരു കൺസൾട്ടേറ്റീവ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചിട്ടുള്ളതാണ്. |
| (സി) | കഴിഞ്ഞ 5 വർഷക്കാലയളവിൽ വന്യജീവി ആക്രമണത്തിനിരയായവർക്കും ജീവഹാനി സംഭവിച്ചവർക്കുമായി എത്ര തുക വനം വകുപ്പ് നൽകുകയുണ്ടായി; വിശദാംശം വ്യക്തമാക്കുമോ? | (സി) | 2020-21 മുതൽ 2024-25 വരെ സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ മരണപ്പെട്ടിട്ടുള്ളവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരമായി 4499.82 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ വർഷം തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| **വർഷം** | **ജീവഹാനി (ലക്ഷത്തിൽ)** | **പരിക്ക് (ലക്ഷത്തിൽ)** | **തുക (ലക്ഷത്തിൽ)** |
|---|---|---|---|
| 2020–21 | 270.50 | 259.27 | 529.77 |
| 2021–22 | 444.10 | 254.90 | 699.00 |
| 2022–23 | 337.31 | 245.73 | 583.04 |
| 2023–24 | 709.26 | 603.41 | 1312.67 |
| 2024–25 | 797.00 | 578.34 | 1375.34 |
| **ആകെ** | | | **4499.82** |